(സി) രണ്ട് ബാച്ചുകൾ വീതമുള്ള 100 പുതിയ സ്കൂളുകളും, നിലവിലുള്ള സ്കൂളുകളിൽ 200 അധിക ബാച്ചുകളും അനുവദിക്കുവാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ ആവശ്യകത, നടത്തിപ്പ്, കാലഹരണപ്പെട്ട കോഴ്സുകൾ ഒഴിവാക്കൽ ആധുനിക സാങ്കേതികവിദ്യ സമന്വയിപ്പിച്ചുകൊണ്ട് പുതിയ കോഴ്സുകളുടെ നടത്തിപ്പ് എന്നിവയെ സംബന്ധിച്ച് വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പും, സംസ്ഥാന ആസൂത്രണ ബോർഡും സംയുക്തമായി ഒരു സർവ്വേ നടത്തിവരുന്നു. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഇ) ഉണ്ട്.

വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ ലക്ചറർമാരുടെ വേക്കൻസിയിൽ മിനിസ്റ്റീരിയൽ സ്റ്റാഫിന് സംവരണം

109 (2049) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച 02-01-2001-ലെ ജി.ഒ. (ആർ.ടി.) 28/01/ജി.ഇ.ഡി.എൻ. നമ്പർ ഉത്തരവ് പ്രകാരം വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ ലക്ചറർമാരുടെ വേക്കൻസിയിൽ പത്ത് ശതമാനം തസ്തിക മിനിസ്റ്റീരിയൽ സ്റ്റാഫിന് സംവരണം നൽകിയിരുന്നുവോ ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഈ ഉത്തരവ് പ്രകാരം ഇതുവരെ എത്രപേർക്ക് ലക്ചറർ ആയി ജോലി നൽകിയിട്ടുണ്ട് ;

(സി) ഈ ഉത്തരവിൻ പ്രകാരം പുതുതായി നിയമനത്തിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ഡി) ഇവർക്കും നിയമനം നൽകുമോ ?

ഉത്തരം

(എ) കോടതി വിധിയുടെ അടിസ്ഥാനത്തിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ യു.ഡി. ക്ലാർക്കായ ജൂഡി തോമസിന്റെ നിവേദനം പരിശോധിച്ച് നോൺ വൊക്കേഷണൽ ലക്ചററായി താൽക്കാലികമായി നിയമിച്ച ഉത്തരവാണ് ജി.ഒ. (ആർ.ടി.) 28/01/ ജി.ഇ.സി. തീയതി 2-1-2001. ഈ ഉത്തരവ് പ്രകാരമല്ല മിനിസ്റ്റീരിയൽ സ്റ്റാഫിന് സംവരണം നൽകിയത് ; ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. *

(ബി) ഈ ഉത്തരവു പ്രകാരം ജൂഡി തോമസിന് ഒഴികെ മറ്റാർക്കും നിയമനം നൽകിയിട്ടില്ല.

(സി & ഡി) ബാധകമല്ല.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly